©
കേരള സർക്കാർ
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 12<br>Vol. XII | തിരുവനന്തപുരം,<br>ശനി<br>Thiruvananthapuram,<br>Saturday | 2023 ജനുവരി 07<br>07th January 2023<br>1198 ധനു 23<br>23rd Dhanu 1198<br>1944 പൌഷം 17<br>17th Pousha 1944 | നമ്പർ<br>No. 60 |


## കേരള സർക്കാർ

### നിയമ (നിയമനിർമ്മാണ-ബി) വകുപ്പ്

### വിജ്ഞാപനം

നമ്പർ 5941/ലെഗ്. ബി2/2022/നിയമം. *തിരുവനന്തപുരം, 2023 ജനുവരി 6*
*1198 ധനു 22*
*1944 പൌഷം 16.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2023 ജനുവരി 5-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

വി. ഹരി നായർ,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## 2023-ലെ 6-ാം ആക്റ്റ്

## 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ആക്റ്റ്

2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്റ്റ് (2001-ലെ 18) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 20-ാം വകുപ്പിന്റെ ഭേദഗതി.—2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്റ്റിലെ (2001-ലെ 18) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 20-ാം വകുപ്പിലെ "ഇരുപത്തി അയ്യായിരം" എന്ന വാക്കുകൾക്ക് പകരം "അഞ്ച് ലക്ഷം" എന്ന വാക്കുകളും "ആയിരം" എന്ന വാക്കിന് പകരം "അമ്പതിനായിരം" എന്ന വാക്കും യഥാക്രമം ചേർക്കേണ്ടതാണ്.

3. 23എ വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 23എ വകുപ്പിലെ (6)-ാം ഉപവകുപ്പിൽ "കണ്ടുകെട്ടിയ മണൽ, പൊതുമരാമത്ത് വകുപ്പ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ, നിർമ്മിതി കേന്ദ്രത്തിന് അഥവാ 'കലവറയ്ക്ക്' വിൽക്കേണ്ടതും" എന്ന വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "കണ്ടുകെട്ടിയ മണലിന്റെ വില, സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്നതനുസരിച്ച്, ജില്ലാ കളക്ടർ നിശ്ചയിക്കേണ്ടതും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് വിവിധ സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ ലേലത്തിലൂടെ വില്പന നടത്തേണ്ടതും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# GOVERNMENT OF KERALA

## Law (Legislation-B) Department

## NOTIFICATION

No. 5941/Leg.B2/2022/Law. *Dated, Thiruvananthapuram, 6th January, 2023*
*22nd Dhanu, 1198*
*16th Pousha, 1944.*

In pursuance of clause (3) of Article 348 of the Constitution of India, the Governor is pleased to authorise the publication in the Gazette of the following translation in English language of the Kerala Protection of River Banks and Regulation of Removal of Sand (Amendment) Act, 2022 (6 of 2023).

By order of the Governor,

V. HARI NAIR,
*Law Secretary.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of the "2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ആക്റ്റ്" published under the authority of the Governor.]

**ACT 6 OF 2023**

# THE KERALA PROTECTION OF RIVER BANKS AND REGULATION OF REMOVAL OF SAND (AMENDMENT) ACT, 2022

*An Act further to amend the Kerala Protection of River Banks and Regulation of Removal of Sand Act, 2001.*

*Preamble.*—WHEREAS, it is expedient further to amend the Kerala Protection of River Banks and Regulation of Removal of Sand Act, 2001 (18 of 2001), for the purposes hereinafter appearing;

BE it enacted in the Seventy-third Year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Protection of River Banks and Regulation of Removal of Sand (Amendment) Act, 2022.

(2) It shall come into force at once.

2. *Amendment of section 20.*—In section 20 of the Kerala Protection of River Banks and Regulation of Removal of Sand Act, 2001 (18 of 2001) (hereinafter referred to as the principal Act), for the words "twenty five thousand", the words "five lakh" and for the words "one thousand", the words "fifty thousand" shall respectively be substituted.

3. *Amendment of section 23A.*—In sub-section (6) of section 23A of the principal Act, for the words, symbols, brackets and figure "The sand confiscated under sub-section (4) shall be sold to Nirmithi Kendra or to 'Kalavara' at such rate, as may be fixed by the Public Works Department from time to time", the words, symbol, brackets and figure "The value of the sand confiscated under sub-section (4) shall be fixed by the District Collector as directed by the Government from time to time and shall sell to various institutions or individuals through auction, by following the procedures" shall be substituted.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2023.01.07 08:19:14 +05